പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :3886 21.06. 2018 ൽ മറുപടിക്ക്

## കെ.എസ്.ഇ.ബി യിലെ ജീവനക്കാര്യം

ചോദ്യം

ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ)കെ.എസ്.ഇ.ബി ലിമിറ്റഡിലെ വിവിധ തസ്തികകളിലേക്കുള്ള നിയമന രീതികൾ, യോഗ്യതകൾ, പ്രൊമോഷന് വേണ്ട മാനദണ്ഡങ്ങൾ എന്നിവ തയ്യാറാക്കുന്നത് കെ.എസ്.ഇ.ബി ലിമിറ്റഡും അംഗീകൃത ട്രേഡ് യൂണിയനുകളും ഓഫീസർമാരുടെ സംഘടനകളും തമ്മിൽ ഏർപ്പെട്ടിട്ടുള്ള ദീർഘകാല ഉടമ്പടി പ്രകാരമാണോ: അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ: | (എ)കെ.എസ്.ഇ.ബി ലിമിറ്റഡിലെ ചില തസ്തികകൾ സംബന്ധിച്ച നിയമന രീതികൾ, യോഗ്യതകൾ പ്രൊമോഷന് വേണ്ട മാനദണ്ഡങ്ങൾ എന്നിവ സംബന്ധിച്ച വ്യവസ്ഥകളും പരാമർശങ്ങളും ദീർഘകാല കരാറിൽ ഉൾച്ചേർത്തിട്ടുണ്ടെങ്കിലും ഭൂരിഭാഗം തസ്തികകളെയും സംബന്ധിച്ച പ്രസ്തുത വിവരങ്ങൾ കെ.എസ്.ഇ.ബി ലിമിറ്റഡ് എടുത്ത തീരുമാനപ്രകാരം കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള ബോർഡ് ഉത്തരവുകളിലാണ് ഉൾച്ചേർത്തിട്ടുള്ളത്. |
| (ബി)ഇപ്രകാരം കെ.എസ്.ഇ.ബി ലിമിറ്റഡും അംഗീകൃത ട്രേഡ് യൂണിയനുകളും ഓഫീസർമാരുടെ സംഘടനകളും തമ്മിൽ ഏറ്റവും അവസാനമായി ദീർഘകാല ഉടമ്പടിയിൽ ഏർപ്പെട്ട തീയതിയും പ്രസ്തുത ഉടമ്പടി നിലവിൽ വന്ന തീയതിയും പ്രസ്തുത ഉടമ്പടിയുടെ കാലാവധിയും വെളിപ്പെടുത്തുമോ; | (ബി) കെ.എസ്.ഇ.ബി ലിമിറ്റഡ് അംഗീകൃത തൊഴിലാളി സംഘടനകളുമായി അവസാന ദീർഘകാല കരാർ ഒപ്പുവച്ച തീയതി 17.02.2016 ആണ്. ദീർഘകാലകരാറിന് മുൻകാലപ്രാബല്യമുള്ളതിനാൽ 01.08.2013 മുതൽ പ്രാബല്യം ഉണ്ടായിരിക്കുന്നതും പ്രാബല്യത്തീയതി മുതൽ 5 വർഷം കാലാവധി ഉണ്ടായിരിക്കുന്നതുമാണ്. ഓഫീസർ ശമ്പള പരിഷ്കരണ ഉത്തരവിന് 01.07.2013 മുതൽ പ്രാബല്യവും 5 വർഷം കാലാവധി ഉണ്ടായിരിക്കുന്നതുമാണ് |
| (സി)ഇപ്രകാരം കെ.എസ്.ഇ.ബി ലിമിറ്റഡും അംഗീകൃത ട്രേഡ് യൂണിയനുകളും ഓഫീസർമാരുടെ സംഘടനകളും തമ്മിൽ ഏറ്റവും അവസാനമായി ഏർപ്പെട്ട ദീർഘകാല ഉടമ്പടിയുടെ കാലാവധി അവസാനിക്കുന്ന തീയതി നൽകുമോ; അതിനുശേഷം പുതിയ ഉടമ്പടി എന്നത്തേക്ക് നിലവിൽ വരുമെന്നും അതിൽ എന്തെല്ലാം പരിഷ്കാരങ്ങളാണ് കൊണ്ടുവരാൻ ഉദ്ദേശിക്കുന്നത് എന്നും വെളിപ്പെടുത്തുമോ: | (സി) ജീവനക്കാരുടെ ദീർഘകാല കരാർ പ്രാബല്യം അവസാനിക്കുന്ന തീയതി ദീർഘകാലകരാറിലെ വ്യവസ്ഥകൾ പ്രകാരം **31.07.2018** ഉം ഓഫീസർമാരുടെ ശമ്പള പരിഷ്കരണ ഉത്തരവിന്റെ കാലാവധി അവസാനിക്കുന്നത് **30.06.2018-ഉം** ആണ്. കാലാവധി അവസാനിക്കുന്ന മുറയ്ക്ക് ബോർഡ് മുമ്പാകെ സമർപ്പിക്കപ്പെടുന്ന മെമ്മോറാണ്ടത്തിലെ ആവശ്യങ്ങളിന്മേൽ ഉഭയകക്ഷി ചർച്ചകളിലൂടെ തീരുമാനത്തിലെത്തിയതിനുശേഷം ഉടമ്പടി ഒപ്പുവയ്ക്കുന്ന നടപടിക്രമങ്ങളാണ് പാലിച്ചുവരുന്നത്. അടുത്ത ദീർഘകാലകരാറിനു പരിഗണിക്കുന്നതിലേക്കായുള്ള ആവശ്യങ്ങൾ സംബന്ധിച്ച മെമ്മോറാണ്ടങ്ങൾ ലഭ്യമായിട്ടില്ലാത്തതിനാൽ ചർച്ചകൾ ആരംഭിച്ചിട്ടില്ല, ആയതിനാൽ പുതിയ ഉടമ്പടി എന്നു നിലവിൽവരുമെന്നും ആയതിലൂടെ എന്തെല്ലാം പരിഷ്കാരങ്ങളാണ് കൊണ്ടുവരാൻ ഉദ്ദേശിക്കുന്നതെന്നും ഇപ്പോൾ വെളിപ്പെടുത്തുവാനാവുന്നില്ല. |

| | |
|---|---|
| (ഡി) ഇപ്രകാരം കെ.എസ്.ഇ. ബി ലിമിറ്റഡിലെ എൻട്രി കേഡർ തസ്തികയായ അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയുടെ ഇപ്പോൾ നിലനിൽക്കുന്ന ദീർഘകാല ഉടമ്പടി നിലവിൽ വന്ന തീയതിയും പ്രസ്തുത ഉടമ്പടി അവസാനിക്കുന്ന തീയതിയും നൽകുമോ; | (ഡി) കെ.എസ്.ഇ.ബി ലിമിറ്റഡിലെ എൻട്രി കേഡറായ അസിസ്റ്റന്റ് എൻജിനീയർ (ഇലക്ട്രിക്കൽ) ഓഫീസർ വിഭാഗത്തിലെ തസ്തിക ആകയാൽ ആയതുസംബന്ധിച്ച വ്യവസ്ഥകളും മാനദണ്ഡങ്ങളും 2016 ലെ ഓഫീസർ ശമ്പള പരിഷ്കരണ ഉത്തരവിൽ ഉൾച്ചേർത്തിട്ടുള്ളതും ആയതിന് 5 വർഷം കാലാവധിയോടുകൂടി 01.07.2013 മുതൽ പ്രാബല്യം ഉണ്ടായിരിക്കുന്നതുമാണ്. |
| (ഇ) ഇപ്പോൾ നിലനിൽക്കുന്ന ദീർഘകാല ഉടമ്പടി അവസാനിച്ച ശേഷം കൊണ്ടുവരാൻ പോകുന്ന പുതിയ ഉടമ്പടിയിൽ സി.ഇ.എ സേഫ്റ്റി റെഗുലേഷൻ (2010) ലെ റെഗുലേഷൻ 6 & 7 അനുസരിച്ച് എന്തെല്ലാം മാറ്റങ്ങളാണ് കൊണ്ടുവരാൻ ഉദ്ദേശിക്കുന്നത്: അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | (ഇ) വരാൻ പോകുന്ന പുതിയ ദീർഘകാല ഉടമ്പടി പൂർണമായും കെ.എസ്.ഇ.ബി ലിമിറ്റഡ് മുൻപാകെ സമർപ്പിക്കപ്പെടുന്ന ഡിമാന്റ് നോട്ടീസിലെ ആവശ്യങ്ങളെ മുൻനിർത്തിയും കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ താല്പര്യങ്ങളെ സംരക്ഷിച്ചുകൊണ്ടും നടക്കാൻ പോകുന്ന ഉഭയകക്ഷി ചർച്ചകളുടെ അടിസ്ഥാനത്തിലുമാണ് തീരുമാനിക്കപ്പെടുന്നത്. പുതിയ ഉടമ്പടിക്ക് പരിഗണിക്കുന്നതിലേക്കായി ഡിമാന്റ് സംബന്ധിച്ച മെമ്മോറാണ്ടം ലഭ്യമായിട്ടില്ലാത്തതിനാലും ചർച്ചകൾ ഉൾപ്പെടെയുള്ളവയുടെ പ്രാരംഭനടപടികൾക്ക് തുടക്കം കുറിച്ചിട്ടില്ലാത്തതിനാലും മറ്റുവിശദാംശങ്ങളൊന്നും തന്നെ ഇപ്പോൾ ലഭ്യമല്ല. |

സെക്ഷൻ ഓഫീസർ